പ്രകാശവചനം ● അബൂദർറ് എടയൂർ

# നരകത്തിലേക്കെത്തിക്കുന്ന വസ്ത്രധാരണ രീതികൾ

عَنْ أَبِي هُرَيْرَة، قَالَ: قَالَ رَسُولُ اللَّهِ ﷺ: "صِنْفَانِ مِنْ أَهْلِ النَّارِ لَمْ أَرَهُمَا، قَوْمٌ مَعَهُمْ سِيَاطٌ كَأَذْنَابِ الْبَقَرِ يَضْرِبُونَ بِهَا النَّاسَ، وَنِسَاءٌ كَاسِيَاتٌ عَارِيَاتٌ مُمِيلَاتٌ مَائِلَاتٌ، رُءُوسُهُنَّ كَأَسْنِمَةِ الْبُخْتِ الْمَائِلَةِ، لَا يَدْخُلْنَ الْجَنَّةَ، وَلَا يَجِدْنَ رِيحَهَا، وَإِنَّ رِيحَهَا لَيُوجَدُ مِنْ مَسِيرَةِ كَذَا وَكَذَا"

അബൂഹുറയ്റ(റ)യിൽ നിന്ന്. നബി(സ) പറഞ്ഞു: നരകാവകാശികളിലെ ര് വിഭാഗത്തെ ഞാൻ കിട്ടില്ല. പശുവിന്റെ വാലുകൾ പോലുള്ള ചാട്ടവാറുകളുള്ള ഒരു കൂട്ടർ. അവ കൊവർ ആളുകളെ അടിക്കുന്നു. (രാമത്തെ വിഭാഗം) സ്ത്രീകൾ; അവർ വസ്ത്രം ധരിച്ചിരിക്കും. പക്ഷേ നഗ്നകളായിരിക്കും. അവർ (മറ്റുള്ളവരെയും തങ്ങളുടെ ദുഷ്പ്രവൃത്തി ചെയ്യാൻ) ആകർഷിക്കുന്നവരാണ്. ദൈവാനുസരണത്തിൽ നിന്ന് തെറ്റിയവരുമാണ്. അവരുടെ തലകൾ ഒട്ടകത്തിന്റെ ചാഞ്ചാടുന്ന പൂഞ്ഞകൾ പോലെയാണ്. അവർ സ്വർഗത്തിൽ പ്രവേശിക്കുകയോ അതിന്റെ പരിമളം ആസ്വദിക്കുകയോ ചെയ്യില്ല. അതിന്റെ പരിമളം ഇത്രയിത്ര അകലെ നിന്നും എത്തിക്കൊരിക്കും (മുസ്‌ലിം).

അന്യായമായി ആളുകളെ മർദിക്കുകയും ദ്രോഹിക്കുകയും ചെയ്യുന്നവരാണ് ഈ ഹദീസിൽ ആദ്യം പറഞ്ഞ വിഭാഗം. വസ്ത്രധാരണത്തിന്റെ ഗൗരവമാണ് തുടർന്ന് വ്യക്തമാക്കുന്നത്.

അല്ലാഹുവിന്റെ മഹത്തായ അനുഗ്രഹങ്ങളിൽ ഒന്നാണ് വസ്ത്രം. നഗ്നത (ഔറത്ത്) മറക്കാനുള്ള വസ്ത്രം, അലങ്കാര വസ്ത്രം, വിപത്തുകളിൽ നിന്ന് രക്ഷാകവചമാകുന്ന വസ്ത്രം, ചൂടിൽ നിന്നും തണുപ്പിൽ നിന്നും രക്ഷയേകുന്ന വസ്ത്രം, ആത്മീയ വസ്ത്രം (തഖ്‌വ) എന്നിങ്ങനെ വിവിധ തരത്തിലുള്ള വസ്ത്രങ്ങളെ ഖുർആൻ പരിചയപ്പെടുത്തുന്നുണ്ട് (*അൽഅഅ്റാഫ്* 26, *അന്നഹ്ൽ* 81).

നഗ്നത മറക്കാനും അണിഞ്ഞൊരുങ്ങാനും അല്ലാഹു ഏർപ്പെടുത്തിയ വസ്ത്രത്തിന് ഭക്തിയുമായി ഒരു ബന്ധമുണ്ട്. രണ്ടും വസ്ത്രങ്ങളാകുന്നു. ഒന്ന് മനസ്സിന്റെ നഗ്നത മറക്കുകയും അലങ്കരിക്കുകയും ചെയ്യുന്നു. രണ്ടാമത്തേത് ശരീരത്തിന്റെ നഗ്നത മറക്കുകയും അതിനെ അണിയിച്ചൊരുക്കുകയും ചെയ്യുന്നു.

വസ്ത്രങ്ങളിൽ നിർബന്ധമായതും നിഷിദ്ധമായതും അഭിലഷണീയമായതുമുണ്ട്. ഔറത്ത് മറക്കാൻ പര്യാപ്തമായ വസ്ത്രം ധരിക്കൽ നിർബന്ധവും ഭംഗിയും അലങ്കാരവും ഉദ്ദേശിച്ചുള്ള വസ്ത്രം അഭികാമ്യവുമാണ്.

നാണവും മാനവും ഇല്ലാതാക്കിയാൽ മനുഷ്യനെ എളുപ്പം വഴിപിഴപ്പിക്കാമെന്ന് ഇബ്‌ലീസ് ആദ്യമേ തിരിച്ചറിഞ്ഞിരുന്നു. മനുഷ്യരിലും ജിന്നിലും പെട്ട പിശാചുക്കൾ അത് ഇപ്പോഴും പയറ്റിക്കൊണ്ടിരിക്കുന്നു. അതാണ് അലങ്കാരമെന്ന് അവർ പഠിപ്പിക്കുന്നു. ഖുർആൻ പറയുന്നു: ആദം സന്തതികളേ, നിങ്ങളുടെ മാതാപിതാക്കളെ സ്വർഗത്തിൽ നിന്ന് പുറത്താക്കിയതുപോലെ പിശാച് നിങ്ങളെ കുഴപ്പത്തിലകപ്പെടുത്താതിരിക്കട്ടെ. അവരിരുവരുടെയും ഗോപ്യസ്ഥാനങ്ങൾ അവർക്കു കാണിച്ചുകൊടുക്കാനായി അവൻ അവരിൽ നിന്ന് അവരുടെ വസ്ത്രം എടുത്തുനീക്കുകയായിരുന്നു. തീർച്ചയായും അവനും അവന്റെ കൂട്ടാളികളും നിങ്ങളെ കണ്ടുകൊണ്ടിരിക്കുകയാകുന്നു; നിങ്ങൾക്ക് അവരെ കാണാൻ സാധിക്കാത്ത വിധത്തിൽ (*അൽഅഅ്റാഫ്* 27).

സ്ത്രീയും പുരുഷനും ഏതെല്ലാം ഭാഗങ്ങൾ മറക്കണമെന്ന് കൃത്യമായി നിർവചിച്ച ഏക ജീവിത വ്യവസ്ഥ ഇസ്‌ലാമാണ്. അത് അംഗീകരിക്കാത്തതിന്റെ ഭവിഷ്യത്ത് ലോകം അനുഭവിച്ചുകൊണ്ടിരിക്കുന്നു. ആദിമ മനുഷ്യർ സംസ്കാരം ആർജിച്ചപ്പോൾ ഇലകൾ കൊണ്ട് നഗ്നത മറക്കാൻ തുടങ്ങി എന്ന് പറയുന്നവർതന്നെ സ്ത്രീകൾ പരമാവധി ശരീരഭാഗങ്ങൾ പ്രദർശിപ്പിക്കലാണ് ആധുനിക സംസ്കാരമെന്ന് പഠിപ്പിക്കുന്നു. അവരുടെ കാഴ്ചപ്പാടിൽ വസ്ത്രം കേവലം ഭംഗിക്കുവേണ്ടിയുള്ളതാണ്. എന്നാൽ, ഇസ്‌ലാമിന്റെ കാഴ്ചപ്പാടിൽ ഭംഗിയേക്കാൾ പ്രാമുഖ്യം ഔറത്ത് മറക്കുന്നതിനാണ്. സ്ത്രീകളുടെയും പുരുഷന്മാരുടെയും ശരീരത്തിൽ മറുവിഭാഗത്തിൽ വികാരം ഇളക്കിവിടാൻ പര്യാപ്തമായ ഭാഗങ്ങൾ മറക്കണമെന്ന് ഇസ്‌ലാം കൽപിക്കുന്നു. അതിന്റെ ലംഘനം സംസ്കാരശൂന്യതയാണ്.

ഇന്ന് പലരും വില കൂടിയ വസ്ത്രങ്ങൾ ധരിക്കുന്നുണ്ട്. പക്ഷേ എന്താണോ ഇതുകൊണ്ട് ഇസ്‌ലാം ഉദ്ദേശിച്ചത് ആ ലക്ഷ്യം മാത്രം പാലിക്കാത്തതാണ് അവരുടെ വസ്ത്രങ്ങൾ. ശരീരത്തിൽ ഒട്ടിനിൽക്കുന്നതോ ശരീരത്തിന്റെ ആകാരം വ്യക്തമാവുന്ന വിധത്തിലുള്ളതോ ആയ വസ്ത്രത്തോടാണ് അവർക്ക് പ്രിയം. അവർ വസ്ത്രം ധരിച്ചിട്ടില്ല എന്ന് ആർക്കും പറയാനാവില്ല. പക്ഷേ വസ്ത്രത്തിന്റെ ധർമം നിർവഹിക്കപ്പെടുന്നില്ലെന്ന് മാത്രം. ഫാഷനെന്ന പേരിൽ കോപ്രായത്തരങ്ങൾ കാണിക്കാൻ അവർ സമൂഹത്തെ പ്രേരിപ്പിക്കുന്നു. അവരുടെ നടത്തവും കൊഞ്ചിക്കുഴയലുമെല്ലാം വശീകരണശേഷിയുള്ളതാണ്. അത്തരം സ്ത്രീകളാണ് ഈ പ്രവാചകവചനത്തിൽ പരിചയപ്പെടുത്തുന്ന നരകാവകാശികൾ. അവരെ കാണുമ്പോൾ ചില പുരുഷന്മാരിലെങ്കിലും ആഭാസചിന്തകളുണരുന്നു. അങ്ങനെ അത് ഒരു സമൂഹത്തിലെ ക്രമസമാധാനം പോലും തകർക്കുന്നു.

ഞാനും എന്റെ ഉമ്മയും സഹോദരിയും ഭാര്യയും മകളും മകനുമെല്ലാം ഇസ്‌ലാം നിർദ്ദേശിക്കുന്ന വസ്ത്രധാരണം ശീലിക്കുന്നവരാണെന്ന് ഉറപ്പുവരുത്താൻ ഓരോ സത്യവിശ്വാസിയും ശ്രദ്ധ ചെലുത്തണം. വസ്ത്രധാരണം ഇസ്‌ലാമികമല്ലെങ്കിൽ സ്വർഗത്തിലേക്കുള്ള വഴിയടയും. എന്നല്ല സ്വർഗത്തിന്റെ മണം പോലും ആസ്വദിക്കാൻ അത്തരക്കാർക്ക് അവസരം കിട്ടുകയില്ലെന്ന് പ്രവാചകൻ മുന്നറിയിപ്പ് നൽകുന്നു. അല്ലാഹു പറയുന്നു: സത്യവിശ്വാസികളേ, നിങ്ങൾ നിങ്ങളെയും കുടുംബത്തെയും നരകത്തീയിൽ നിന്ന് കാത്തുരക്ഷിക്കുക (അത്തഹ്‌രീം:6). ■